## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5240** **26.03.2018 ൽ മറുപടിയ്ക്ക്**

## വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ പാലിക്കാത്ത സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.കെ. ശശി** | | **പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| (എ) | അൺ എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടുന്ന കുട്ടികളിൽ ഇരുപത്തിയഞ്ച് ശതമാനം വിദ്യാർത്ഥികൾ ദുർബല വിഭാഗത്തിൽപ്പെട്ടവരോ പാവപ്പെട്ടവരോ ആയിരിക്കണമെന്ന വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ നടപ്പാക്കുന്നതിൽ ചില അൺ എയ്ഡഡ് സ്കൂളുകൾ ഗുരുതരമായ വീഴ്ച വരുത്തുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ വീഴ്ച വരുത്തിയ എത്ര സ്കൂളുകൾക്കെതിരെ ഈ സർക്കാർ നാളിതുവരെ നടപടി സ്വീകരിച്ചു; ഏതൊക്കെ സ്കൂളുകൾ; വിശദാംശം നൽകുമോ; | | |
| (സി) | 2018-19 അധ്യയന വർഷം മുതൽ പ്രസ്തുത നിയമം കർശനമായി നടപ്പാക്കുന്നതിനും ആയത് ഉറപ്പ് വരുത്താനും തയ്യാറാകുമോ; | (സി) | 2009 ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ ആക്ട് 8-ാം വകുപ്പിന്റെ ഖണ്ഡം (C), 9-ാം വകുപ്പിന്റെ ഖണ്ഡം (C) എന്നിവ പ്രകാരം ദുർബല വിഭാഗത്തിലും പ്രതികൂലാവസ്ഥയിലുള്ള ഗണത്തിലുമുള്ള കുട്ടികൾക്കെതിരെ |

| | | | |
|---|---|---|---|
| | | | വിവേചനം കാണിക്കുന്നില്ലെന്നും, അവരുടെ പ്രാഥമിക വിദ്യാഭ്യാസം തടസ്സപ്പെടാതിരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സർക്കാർ ഉറപ്പ് വരുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആക്ടിലെ 12-ാം വകുപ്പ് ഖണ്ഡം (1) ഉപഖണ്ഡം (C) പ്രകാരം (12 (1) C) ഇത്തരം വിദ്യാലയങ്ങളിൽ 1-ാം ക്ലാസ്സിൽ ആ ക്ലാസ്സിന്റെ സംഖ്യാബലത്തിന്റെ ഏറ്റവും കുറഞ്ഞത് 25 ശതമാനം വരെയെങ്കിലും സമീപ പ്രദേശങ്ങളിലെ ദുർബല വിഭാഗത്തിലും (Weaker section), പ്രതികൂലാവസ്ഥയിലുള്ള ഗണത്തിലും (disadvantaged group) കുട്ടികളെ പ്രവേശിപ്പിക്കേണ്ടതും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം അതിന്റെ പൂർത്തീകരണം വരെ നല്കേണ്ടതുമാണ്. അതിനു നേരിടുന്ന ചെലവ്, ഒരു കുട്ടിക്കു വേണ്ടി സംസ്ഥാനം നേരിട്ട ചെലവിന്റെ അത്രയുമോ അല്ലെങ്കിൽ ആ കുട്ടിയിൽ നിന്നും ഈടാക്കിയ യഥാർത്ഥ തുകയോ ഇതിൽ ഏതാണോ കുറവ്, ആയത് സംസ്ഥാനം വഹിക്കണമെന്ന് 12-ാം വകുപ്പിന്റെ ഖണ്ഡം 2-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് കേരളത്തിൽ ഇതിനകം പ്രാവർത്തികമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രവേശനം നല്കിയിട്ടില്ലെന്നുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) | നടപ്പാക്കിയില്ലെങ്കിൽ അത്തരം സ്കൂളുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | നിയമലംഘനം നടത്തുന്നതായുള്ള പരാതി ലഭിച്ചാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ